File No.SJD/4544/2021-G3

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി :23/04/2022
Email - swdkerala@gmail.com
Phone - 0471 - 2306040

സാമൂഹ്യനീതി ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും,
(കൊല്ലം ജില്ല ഒഴികെ)

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - വയോമധുരം പദ്ധതി 2021-22 - ഗ്ലൂക്കോമീറ്റർ വിതരണം - മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന :- ഈ ഓഫീസിലെ 23/02/2022 - ലെ എസ്ജെഡി/4544/ 2021-ജി3 നം. ഉത്തരവ്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2021-22 സാമ്പത്തിക വർഷം പദ്ധതി മാനദണ്ഡങ്ങൾക്ക് വിധേയമായി കൊല്ലം ജില്ല ഒഴികെയുള്ള 13 ജില്ലകളിൽ നിന്നുള്ള 60 വയസ്സോ അതിന് മുകളിലോ പ്രായമുള്ള ബി.പി.എൽ വിഭാഗത്തിൽപ്പെട്ട പ്രമേഹരോഗികളായ 1400 പേർക്ക്, 1400 എണ്ണം ഗ്ലൂക്കോമീറ്ററുകൾ (25 സ്ട്രിപ്പ് ഉൾപ്പെടെ) ജില്ലാ സാമൂഹ്യനീതി ഓഫീസുകൾ വഴി വിതരണം ചെയ്യുന്നതിന് കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് അനുമതി നൽകിക്കൊണ്ട് സൂചന പ്രകാരം ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ജില്ലകളിൽ ഗ്ലൂക്കോമീറ്ററുകളുടെ വിതരണം ആരംഭിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, ചുവടെ കൊടുത്തിരിക്കുന്ന മാർഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലകളിൽ ഗ്ലൂക്കോമീറ്ററുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്.

1. കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ഗ്ലൂക്കോമീറ്ററുകൾ ലഭ്യമായാൽ ഉടൻ, ഇതുമായി ബന്ധപ്പെട്ട ഒറിജിനൽ ഇൻവോയിസ്, കൈപ്പറ്റ് രസീത് സഹിതം രജിസ്റ്റേഡ് തപാൽ വഴിയോ, നേരിട്ടോ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

2. സൂചന ഉത്തരവിലെ പട്ടിക പ്രകാരമുള്ള എണ്ണം അർഹരായ ഗുണഭോക്താക്കൾ

ഇല്ലാത്ത പക്ഷം, അതാത് ജില്ലകളിലെ സായംപ്രഭാ ഹോമുകൾ വഴി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തേണ്ടതും, 2022 ജൂൺ 30 - നകം ജില്ലകളിൽ ലഭ്യമാകുന്ന മുഴുവൻ ഗ്ലൂക്കോമീറ്ററുകളുടേയും വിതരണം നിർബന്ധമായും പൂർത്തിയാക്കേണ്ടതുമാണ്.

3. ഗ്ലൂക്കോമീറ്റർ വിതരണം ചെയ്യുന്നതിനും ആയത് ഉപയോഗിക്കുന്ന രീതി വിശദീകരിച്ച് നൽകുന്നതിനുമായി കൂടുതൽ ഉപഭോക്താക്കൾക്ക് എത്തിപ്പെടാൻ കഴിയുന്ന രീതിയിൽ പഞ്ചായത്തുകൾ, സായംപ്രഭാ ഹോമുകൾ തുടങ്ങിയ സ്ഥലങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിക്കാവുന്നതാണ്.
4. അനാരോഗ്യം മൂലം വയോജനങ്ങൾക്ക് നേരിട്ട് വന്ന glucometer കൈപ്പറ്റാൻ കഴിയാത്ത പക്ഷം അവരുടെ കൈപ്പറ്റ് രസീതും ഉപഭോക്താക്കളുടെ തിരിച്ചറിയൽ രേഖയുമായി വരുന്ന ബന്ധുമിത്രാദികളോ എത്തി ഗ്ലൂക്കോമീറ്റർ വാങ്ങുന്നതിനുള്ള സൗകര്യം ക്യാമ്പുകളിൽ ഒരുക്കേണ്ടതാണ്.
5. പ്രസ്തുത ക്യാമ്പുകളിൽ വെച്ച് ഗ്ലൂക്കോമീറ്റർ ഉപയോഗിക്കുന്ന രീതി വിശദീകരിച്ച് നൽകുന്നതിനും, ഗ്ലൂക്കോമീറ്ററുകളുടെ കേടുപാടുകൾ നികത്തുന്നതിനും, സംശയ നിവാരണത്തിനുമായി കമ്പനിയുടെ പ്രാദേശിക ഫീൽഡ് സ്റ്റാഫിനെ ബന്ധപ്പെടാവുന്നതാണ്. (വിശദവിവരങ്ങൾ ഉള്ളടക്കം ചെയ്യുന്നു.). glucometer ഉപയോഗിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ അറിയാത്തതിനാൽ വയോജനങ്ങൾക്ക് പ്രസ്തുത ഉപകരണം ഉപയോഗിക്കുന്നതിനു പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നതായി കാണുന്ന സാഹചര്യത്തിൽ ഗ്ലൂക്കോമീറ്റർ ഉപയോഗിക്കുന്ന രീതി വിതരണത്തിന് മുന്പായി വയോജനങ്ങൾക്ക് വിശദീകരിച്ച് നൽകുന്നു എന്നത് ഉറപ്പുവരുത്തേണ്ടതാണ്
6. ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് ഒരു ജില്ലയ്ക്ക് 5,000/- രൂപ ക്രമത്തിൽ ഈ കാര്യാലയത്തിൽ നിന്നും തുക അനുവദിയ്ക്കുന്നതാണ്.
7. വിതരണംചെയ്തു കഴിഞ്ഞതിൽ പ്രവർത്തനക്ഷമമല്ലാത്തതായി കാണപ്പെടുന്ന ഗ്ലൂക്കോമീറ്ററുകൾക്ക് പകരം പുതിയ ഗ്ലൂക്കോമീറ്ററുകൾ ആവശ്യമാകുന്ന പക്ഷം ആയതു അടിയന്തിര പ്രാധാന്യത്തോടെ ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതും KMSCL മുഖേന പ്രസ്തുത ഉപകരണങ്ങൾ മാറ്റി പുതിയവ യഥാസമയം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്
8. ഗ്ലൂകോമീറ്ററുകൾ വിതരണം പൂർത്തിയാകുന്നതുവരെ സുരക്ഷിതമായി സൂക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

File No.SJD/4544/2021-G3

ഗ്ലൂകോമീറ്ററുകൾക്കൊപ്പം വിതരണം ചെയ്യുന്ന ടെസ്റ്റ് സ്ട്രിപ് കാലാവധി അവസാനിക്കാത്തവയാണോ എന്നത് വിതരണത്തിന് മുൻപായി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ് .

വിശ്വസ്തതയോടെ,

**സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി**

<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>
(ഹാജർ: എം.അഞ്ജന ഐ.എ.എസ് )

ഉത്തരവ് നം. എസ്.ജെ.ഡി/4544/2021-ജി3 | തിരുവനന്തപുരം, തീയതി. 25/03/2022

---

വിഷയം: സാ.നീ.വ. - വയോമധുരം പദ്ധതി 2021-22 - ഗ്ലൂക്കോമീറ്റർ വിതരണം ചെയ്യുന്നതിന് കെ.എം.എസ്.സി.എൽ - ന് അനുമതി നൽകിയും, ആദ്യ ഗഡു അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1.സർക്കാരിന്റെ 23/07/2018 ലെ 444/2018/എസ്ജെഡി നം. ഉത്തരവ്.

2.കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ലഭ്യമായ 01/11/2021 ലെ KMSCL/CPS-S/145/2018 നം. ഇൻവോയിസ്.

3.കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ജനറൽ മാനേജർ സാമൂഹ്യനീതി ഡയറക്ടറുമായി 23/03/2022 ൽ ഒപ്പുവെച്ച ധാരണാപത്രം

ജീവിത ശൈലീ രോഗങ്ങളിൽ ഏറ്റവും വ്യാപകമായ പ്രമേഹരോഗത്തിന് അടിമകളാകുന്ന ബി.പി.എൽ വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്ക് വീട്ടിലിരുന്നുതന്നെ രക്തത്തിലെ പഞ്ചസാരയുടെ അളവ് നിർണ്ണയിക്കുന്നതിന് സഹായിക്കുന്ന ഗ്ലൂക്കോമീറ്റർ എന്ന ഉപകരണം സൗജന്യമായി നൽകുന്ന വയോമധുരം പദ്ധതി പരാമർശം (1) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2018 മുതൽ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്നു. എന്നാൽ കോവിഡ്-19 സാഹചര്യത്തിൽ 2019-20 സാമ്പത്തിക വർഷം പദ്ധതി തുടർന്നു കൊണ്ടുപോകുന്നതിന് സാധിച്ചിരുന്നില്ല. കോവിഡ്-19 മായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ തുടരുന്ന സാഹചര്യത്തിൽ വയോജനങ്ങൾക്ക് ആശുപത്രികളിലും, ലാബുകളിലും പോയി രക്തത്തിലെ പഞ്ചസാരയുടെ അളവ് നിർണ്ണയിക്കുന്നതിന് ബുദ്ധിമുട്ടേറിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ വയോമധുരം പദ്ധതി തുടർന്നും നടപ്പിലാക്കുന്നത് ഇത്തരക്കാർക്ക് വളരെ പ്രയോജനകരമാകും എന്നതിനാൽ ടി പദ്ധതി 2021-22 സാമ്പത്തിക വർഷം തുടർന്നും നടപ്പിലാക്കുന്നതിന് വകുപ്പ് തീരുമാനിച്ചിട്ടുണ്ട്.

വയോമധുരം പദ്ധതി പ്രകാരം നാളിതുവരെ 18,200 ഓളം ഗ്ലൂക്കോമീറ്ററുകളാണ് വയോജനങ്ങൾക്കായി വിതരണം ചെയ്തിട്ടുള്ളത്. നടപ്പു സാമ്പത്തിക വർഷം 1400 പേർക്ക് കൂടി നിബന്ധനകൾക്ക് വിധേയമായി ഗ്ലൂക്കോമീറ്റർ വിതരണം ചെയ്യുന്നതിനാണ്

തീരുമാനിച്ചിട്ടുള്ളത്. സർക്കാർ അംഗീകൃത ഏജൻസിയായ കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും പരാമർശം (2) പ്രകാരം ലഭ്യമായ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ ഗ്ലൂക്കോമീറ്ററിന്റെ ഒരു കിറ്റിന് വിവിധ നികുതികൾ ഉൾപ്പെടെ 385/- രൂപ നിരക്കിൽ എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസുകളിലും എത്തിച്ച് നൽകുന്നതിന് സമ്മതിച്ചിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ, പരാമർശം (3) പ്രകാരമുള്ള ധാരണാപത്രത്തിലെ നിബന്ധനകൾക്ക് വിധേയമായി 14 ജില്ലകളിൽ നിന്നുള്ള 60 വയസ്സോ, അതിന് മുകളിലോ പ്രായമുള്ള **ബി.പി.എൽ** വിഭാഗത്തിൽപ്പെട്ട പ്രമേഹരോഗികളായ **1400** പേർക്ക് (**25 സ്ലിപ്പ്** ഉൾപ്പെടെ) ആകെ **1400** (ആയിരത്തി നാന്നൂറ്) എണ്ണം **ഗ്ലൂക്കോമീറ്ററുകൾ** വിതരണം ചെയ്യുന്നതിന് കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേൽ സാഹചര്യത്തിൽ, ജില്ലകളിൽ നിന്നും ലഭ്യമായ അപേക്ഷകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ, ചുവടെ കൊടുത്തിരിക്കുന്ന പട്ടിക പ്രകാരം കൊല്ലം ജില്ല ഒഴികെയുള്ള 13 ജില്ലാ ഓഫീസുകളിൽ **2021-22 സാമ്പത്തിക വർഷം അവസാനത്തിന് മുമ്പ്** ഗ്ലൂക്കോമീറ്ററുകൾ അടങ്ങിയ കിറ്റുകൾ വിതരണം ചെയ്യുന്നതിന് കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | ജില്ല | വിതരണം ചെയ്യേണ്ട ഗ്ലൂക്കോമീറ്ററുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 77 |
| 2 | പത്തനംതിട്ട | 30 |
| 3 | ആലപ്പുഴ | 90 |
| 4 | കോട്ടയം | 548 |
| 5 | ഇടുക്കി | 100 |
| 6 | എറണാകുളം | 72 |
| 7 | തൃശ്ശൂർ | 2 |
| 8 | പാലക്കാട് | 118 |
| 9 | മലപ്പുറം | 120 |
| 10 | കോഴിക്കോട് | 32 |
| 11 | കണ്ണൂർ | 110 |
| 12 | വയനാട് | 32 |
| 13 | കാസർഗോഡ് | 69 |
| | ആകെ | 1400 എണ്ണം |

പ്രസ്തുത പദ്ധതി 2021-22 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനായി പരാമർശം (3) പ്രകാരമുള്ള ധാരണാപത്രത്തിലെ നിബന്ധനകൾക്ക് വിധേയമായി